**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3571 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ദേശീയ വനിതാ ശാക്തീകരണ മിഷന്റെ സഹായത്തോടെയുള്ള പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ദേശീയ വനിതാ ശാക്തീകരണ മിഷന്റെ സഹായത്തോടെ എന്തൊക്കെ പരിപാടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) ദേശീയ വനിതാ ശാക്തീകരണ മിഷന്റെ സഹായത്തോടെ സ്റ്റേറ്റ് വനിതാ ശാക്തീകരണ സെന്റർ (SRCW)സ്ഥാപിക്കുന്നതിനായി കുടുംബശ്രീയെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര വനിതാ ശിശു ക്ഷേമ വകുപ്പ് അനുവദിച്ച 16.38 ലക്ഷം രൂപ 2235-02-103-76(പ്ലാൻ) ശീർഷകത്തിൽ നിന്ന് കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതകൾക്കായുള്ള റിസോഴ്സ് സെന്റർ രൂപീകൃതമായിട്ടുണ്ടോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും എന്തൊക്കെ പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയതെന്നും വ്യക്തമാക്കുമോ? | (ബി) വനിതാ ശാക്തീകരണ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ വഴി നടന്നു വരുന്നു. സെന്ററിന്റെ ഉദ്ഘാടനം സെപ്തംബർ 13 ന് നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ